കേരള സർക്കാർ

തദ്ദേശ സ്വയംഭരണ വകുപ്പ്
പ്രിൻസിപ്പൽ ഡയറക്ടറുടെ കാര്യാലയം

നമ്പർ: LSGD/PD/25191/2025-DB1 തീയ്യതി: 06-09-2025

**സർക്കുലർ**

വിഷയം:- തസ്വഭവ എഞ്ചിനീയറിംഗ് വിഭാഗം- എം.എൽ.എ മാരുടെ ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി നിർവ്വഹിക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ബിൽ തുകയുടെ അലോട്ട്മെൻ്റ് അനുവദിക്കുന്നതിനായി പുതുക്കിയ മാർഗ്ഗ നിർദ്ദേശം നൽകുന്നത് - സംബന്ധിച്ച്

സൂചന:- ചീഫ് എൻജിനീയറുടെ 25.10.2019, 04.05.2020 എന്നീ തീയതികളിലെ E7/4600/2019/സിഇ/തസ്വഭവ നമ്പർ സർക്കുലർ

സംസ്ഥാനത്തെ വിവിധ നിയോജകമണ്ഡലങ്ങളിൽ എം.എൽ.എ. മാരുടെ നിയോജകമണ്ഡല ആസ്തി വികസന പദ്ധതി പ്രകാരം നടത്തുന്ന മരാമത്ത് പ്രവൃത്തികളുടെ ബിൽ തുകയുടെ അലോട്ട്മെന്റിനുള്ള റിക്വസിഷൻ ലഭിക്കുന്നതിനായി ഭരണാനുമതി ഉത്തരവിന്റെ പകർപ്പ്, എസ്റ്റിമേറ്റ് കോപ്പി, എഗ്രിമെന്റ് ഷെഡ്യൂൾ, ബിൽ കോപ്പി, കംപ്ലീഷൻ സർട്ടിഫിക്കറ്റ്, ചെക്ക് ലിസ്റ്റ്, ഡാറ്റ ഷീറ്റ്, ഫോട്ടോ, മറ്റ് അനുബന്ധ രേഖകൾ ഈ കാര്യാലയത്തിൽ സമർപ്പിക്കുന്ന രീതിയാണ് നിലവിലുള്ളത്. എന്നാൽ പദ്ധതികളുടെ ബാഹുല്യവും, മിനിസ്റ്റീരിയൽ സ്റ്റാഫിന്റെ എണ്ണത്തിൽ വന്ന കുറവും പ്രസ്തുത പദ്ധതി പ്രകാരമുള്ള പ്രവൃത്തികളുടെ ഫണ്ട് യഥാസമയം അനുവദിക്കുന്നതിന് ഈ കാര്യാലയത്തിന് ബുദ്ധിമുട്ട് നേരിടുന്നു. ഇത് നിയമസഭാ സാമാജികരുടേയും, സർക്കാരിൻ്റെയും നിശിതമായ വിമർശനത്തിന് ഇടയാക്കുന്നു. മേൽ സാഹചര്യത്തിൽ പ്രസ്തുത പദ്ധതി പ്രകാരമുള്ള പ്രവൃത്തികളുടെ ബില്ലുകൾ സംബന്ധിച്ച് പുതുക്കിയ മാർഗ്ഗ നിർദ്ദേശം ചുവടെ പുറപ്പെടുവിക്കുന്നു.

(1) 2025 സെപ്റ്റംബർ മാസം 1 മുതൽ എം.എൽ.എ മാരുടെ നിയോജകമണ്ഡല ആസ്തി വികസന പദ്ധതി പ്രകാരമുള്ള ബില്ലുകൾ അതാത് നിർവഹണ ഉദ്യോഗസ്ഥന്റെ കാര്യാലയത്തിൽ പാസ്സാക്കിയ ശേഷം ക്രോഡീകരിച്ച് ഈ കാര്യാലയത്തിലേക്ക് റിക്വസിഷൻ സമർപ്പിച്ചാൽ മതിയാകും. ബിൽ സംബന്ധിച്ച ഒരു കണക്കുകൂട്ടലുകളും ഈ കാര്യാലയത്തിൽ പരിശോധിക്കുന്നതായിരിക്കില്ല. ബില്ലിൽ പിന്നീട് കണ്ടെത്തുന്ന പിശകുകൾക്കുള്ള ഉത്തരവാദിത്വം അതാത് നിർവഹണ ഉദ്യോഗസ്ഥനിൽ നിക്ഷിപ്തമായിരിക്കും.

(2) നിലവിൽ ഈ കാര്യാലയത്തിൽ സമർപ്പിച്ചിട്ടുള്ള പ്രസ്തുത പദ്ധതി പ്രകാരമുള്ള പ്രവൃത്തികളുടെ ബില്ലുകൾ, ഇപ്പോഴുള്ള അതേ രീതിയിൽ തന്നെ കൈകാര്യം ചെയ്യുന്നതാണ്.

(3) ഹൈ മാസ്റ്റ്/ മിനി മാസ്റ്റ് ലൈറ്റുകളുടെ ഇൻസ്റ്റാളേഷൻ സംബന്ധിച്ച പ്രവർത്തികൾ നിലവിലുള്ള സർക്കാർ മാർഗ നിർദേശങ്ങൾ പ്രകാരം ആയിരിക്കേണ്ടതാണ്. GeM മുഖേനയുള്ള വാങ്ങലുകൾക്കുള്ള ബില്ലുകൾ അടിയന്തര പ്രാധാന്യം നൽകി പ്രത്യേകമായി സമർപ്പിക്കേണ്ടതാണ്.

Sandeep K G
CHIEF ENGINEER

Signed by
Sandeep K G
Date: 06-09-2025 14:14:51